# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4049

## 12-11-2019 ൽ മറുപടിക്ക്

## കിഫ്ബി പദ്ധതികളുടെ അവലോകനം

| ചോദ്യം<br>ശ്രീ. മാത്യൂ റ്റി. തോമസ് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനത്തിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ | ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബി പദ്ധതിയായി പ്രഖ്യാപിച്ചിട്ടുള്ളതോ അല്ലെങ്കിൽ കിഫ്ബി പദ്ധതിയായി മന്ത്രിസഭാ അംഗീകാരം നൽകിയിട്ടുള്ളതോ ആയ പദ്ധതികൾക്ക് ഭരണവകുപ്പ് ഭരണാനുമതി പുറപ്പെടുവിക്കുന്ന മുറയ്ക്ക് അതത് പദ്ധതി നിർവ്വഹണ ഏജൻസി കിഫ്ബിയിൽ വിശദപദ്ധതി റിപ്പോർട്ട് സമർപ്പിക്കുന്നു. അത് കിഫ്ബി അവലോകന വിഭാഗം പരിശോധിക്കുന്നു. വിവിധ മേഖലകളിലെ സങ്കേതിക വിദഗ്ധരുടെ സഹായത്തോടെയാണ് പദ്ധതി അവലോകനം നടത്തുന്നത്. ഇതിനോടൊപ്പം ബന്ധപ്പെട്ട നിയമസഭാ സാമാജികർ, പദ്ധതി നിർവ്വഹണ ഏജൻസി/വകുപ്പിലെ വിദഗ്ധർ തുടങ്ങിയവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ച് വിവിധ ഘട്ടങ്ങളിൽ അവലോകന യോഗങ്ങൾ നടത്തി പദ്ധതി റിപ്പോർട്ടിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി അന്തിമ അവലോകന റിപ്പോർട്ട് തയ്യാറാക്കുന്നു. പ്രസ്തുത അവലോകന റിപ്പോർട്ട് ഉൾപ്പടെ പദ്ധതി റിപ്പോർട്ട് കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി/ബോർഡ് മുൻപാകെ സമർപ്പിച്ചാണ് പദ്ധതികൾക്ക് കിഫ്ബി ധനാനുമതി നൽകുന്നത്. |
| (ബി) വിവിധ വകുപ്പുകളിൽ നടക്കുന്ന പ്രവൃത്തികളുടെ പ്രതീക്ഷിതചെലവ് വകുപ്പുതിരിച്ച് പരിശോധിക്കുന്നുണ്ടോ; | കിഫ്ബിയിൽ നടപ്പിലാക്കുന്ന പദ്ധതിക്കെല്ലാം തന്നെ MSP (Microsoft Project) യിൽ തയ്യാറാക്കുന്ന WBS (Work Breakdown Structure) ഏർപ്പെടുത്തിയിട്ടുണ്ട്. അതിന്റെ സഹായത്തോടെ ഓരോ പദ്ധതിയുടേയും പ്രതീക്ഷിതചെലവ് അറിയാൻ സാധിക്കുന്നതാണ്. |
| (സി) ലക്ഷ്യമിട്ടിരുന്നതിനേക്കാൾ കൂടുതലായി നടപ്പിലാകുന്ന പദ്ധതികൾ അംഗീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബി പദ്ധതിയായി പ്രഖ്യാപിച്ചിട്ടുള്ളതോ അല്ലെങ്കിൽ കിഫ്ബി പദ്ധതിയായി മന്ത്രിസഭ അംഗീകാരം നൽകിയിട്ടുള്ളതോ ആയ പദ്ധതികൾ മാത്രമാണ് കിഫ്ബി മുഖേന നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ